# കൃഷിക്കിറങ്ങാം; യന്ത്രം കൂടെ നിൽക്കും

Mathrubhumi 12.12.17

## കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം സഹായം നൽകും

**തൃശ്ശൂർ** ▸ തെങ്ങിന് തടമെടുക്കാനും വാഴനടാനും പുറമേ നിന്നൊരാളെ വിളിക്കേണ്ട ആവശ്യം ഇനിയില്ല. കുടുംബത്തിനാവശ്യമായ എല്ലാ കാർഷികജോലികൾക്കും സഹായമേകാൻ യന്ത്രമെത്തും.

കൃഷിപ്പണികൾക്ക് കൈത്താങ്ങാകാൻ കുടുംബകൃഷി പവർ ടില്ലറാണ് (ഫാമിലി ഫാമിങ് ടില്ലർ) നബാർഡ് ധനസഹായത്തോടെ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തത്. രണ്ടു ഹെക്ടർ വരെയുള്ള സ്ഥലത്ത് വിവിധ കാർഷികജോലികൾ എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന തരത്തിലാണ് രൂപകൽപ്പന. 10 യന്ത്രഘടകങ്ങൾ ടില്ലറിലുണ്ട്. ഓരോ ഭാഗമായി അഴിച്ചുവെച്ചാൽ പ്രത്യേകമായും ചെയ്യാം.

ഇവയുടെ പ്രവർത്തനത്തിന് ഒമ്പത് കുതിരശക്തിയുള്ള പവർ ടില്ലറും ഹൈഡ്രോളിക് സംവിധാനവുമാണ് ഉപയോഗിച്ചിരിക്കുന്നത്. കാർഷികഗവേഷണ കേന്ദ്രത്തിന്റെ ഭക്ഷ്യസുരക്ഷാസേനാ ഗവേഷണവിഭാഗമാണ് യന്ത്രത്തിനു പിന്നിൽ. നാലുലക്ഷത്തോളം രൂപ ചെലവിൽ നിർമിച്ച ടില്ലർ വാണിജ്യാടിസ്ഥാനത്തിൽ ഏകദേശം മൂന്നുലക്ഷം രൂപയ്ക്ക് നിർമിക്കാമെന്ന് അധികൃതർ പറയുന്നു. സ്ത്രീകൾക്കും എളുപ്പത്തിൽ വഴങ്ങുന്ന രീതിയിലാണ് യന്ത്രത്തിന്റെ രൂപകൽപ്പനയെന്ന് കേന്ദ്രം മേധാവി ഡോ.എ. ലത പറഞ്ഞു.



കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത കുടുംബകൃഷി പവർ ടില്ലർ

### ടില്ലറിന്റെ വിവിധ ഭാഗങ്ങളും ഉപയോഗവും

**റോട്ടവേറ്റർ** ▸ കൃഷിക്കായി മണ്ണുപൊടിച്ച് നിലമൊരുക്കും.

**പോസ്റ്റ് ഹോൾഡ് ഡിഗ്ഗർ** ▸ തെങ്ങ്, വാഴ, ചേന, മറ്റു ഇടവിളകൃഷികൾ എന്നിവയ്ക്ക് കുഴിയെടുക്കും. മൂന്നുവരിയിൽ ആവശ്യമായ കുഴികൾ ഒരേ സമയം എടുക്കാം.

**ബേസിൻ ഓപ്പണർ** ▸ വാഴയ്ക്കും തെങ്ങിനും തടമെടുക്കും. കൂടാതെ തടംമൂടാനും മണ്ണുമാറ്റാനും ഉപയോഗിക്കാം.

**സ്ലിപ്പ് പ്ലൗ** ▸ കൃഷിക്കായി മണ്ണ് ഉഴുത് തയ്യാറാക്കും.

**ബെഡ് ഫോർമർ** ▸ വാഴകൾക്കിടയിൽ നടാനുള്ള പയർ, വെണ്ട, വഴുതന തുടങ്ങിയ ചെറിയ വിളകൾക്കായി വാനമെടുക്കും.

**എച്ച്.ടി.പി. സ്പ്രെയർ** ▸ 10 അടി വരെ ഉയരത്തിൽ മരുന്നു തളിക്കും.

**ഡീ സക്കറിങ് ഡിവൈസ്** ▸ വാഴക്കുല വെട്ടിയ ശേഷമുള്ള വാഴക്കന്ന് ഒരു മിനിറ്റു കൊണ്ട് പിഴുതെടുക്കും. കൂടാതെ കുഴിയെടുക്കാനും മണ്ണുമാറ്റാനും ഉപയോഗിക്കാം.

**ചാനൽ ഫോർമർ** ▸ പയർ, കപ്പ തുടങ്ങിയവയ്ക്കായി ഒറ്റവരിയിൽ ചാൽ കീറും.

**എലിവേറ്റർ പ്ലാറ്റ്ഫോം** ▸ പത്തടി വരെ ഉയരാൻ ഇതിനു കഴിയും. താങ്ങ് കൊടുത്ത് വാഴക്കുല കെട്ടി സംരക്ഷിക്കാം. കൂടാതെ ഉയരം കൂടിയ വിളകളുടെ വിളവെടുപ്പിനും ചില്ലകൾ വെട്ടിയൊതുക്കുന്നതിനും ഉപയോഗിക്കാം.

**ഫെർട്ടിലൈസർ ആപ്ലിക്കേറ്റർ** ▸ അനുയോജ്യമായ അളവിൽ വളം ചേർക്കാനുള്ള യന്ത്രഘടകമാണിത്.